പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *315 — 20.06.2019 ൽ മറുപടിക്ക്

## വിമാനത്താവളങ്ങളുടെ നടത്തിപ്പും വികസനവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ<br>,, വി. ജോയി<br>,, എൻ. വിജയൻ പിള്ള<br>,, വി. കെ. സി. മമ്മത് കോയ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ലാഭത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സംസ്ഥാനത്തിന്റെ എതിർപ്പ് അവഗണിച്ച് അദാനിക്ക് നൽകാനുള്ള നീക്കവുമായി കേന്ദ്രസർക്കാർ മുന്നോട്ട് പോവുകയാണോ; വിശദമാക്കുമോ; | (എ) & (ബി) | വിമാനത്താവളങ്ങളുടെ നടത്തിപ്പ് സ്വകാര്യ ഏജൻസികൾക്ക് കൈമാറാനുള്ള നടപടിക്രമങ്ങളിൽ നിന്നും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തെ ഒഴിവാക്കണമെന്ന് 15.06.2019 ൽ ന്യൂഡൽഹിയിൽ ബഹു.പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും സ്വീകാര്യമായ വ്യവസ്ഥകളോടെ വിമാനത്താവള നടത്തിപ്പ് സംസ്ഥാന സർക്കാരിന് കൈമാറണമെന്നാണ് സംസ്ഥാനത്തിന്റെ നിലപാട്. പൊതു- സ്വകാര്യ ഉടമസ്ഥതയിൽ രണ്ട് സുപ്രധാന വിമാനത്താവളങ്ങൾ നടത്തുന്നതിനുള്ള കഴിവ് സംസ്ഥാനം തെളിയിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സഭ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ഏജൻസികൾ പോലും സംസ്ഥാനത്തിന്റെ വിമാനത്താവള നടത്തിപ്പ് മാതൃകയെ അഭിനന്ദിച്ചിട്ടുണ്ട്.<br>കേരളം സമർപ്പിച്ച വസ്തുതകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ബഹു.പ്രധാനമന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വ്യോമയാന വകുപ്പിൽ നിന്നും വിശദാംശങ്ങൾ തേടുമെന്നും ബഹു.പ്രധാനമന്ത്രി അറിയിച്ചിട്ടുണ്ട്.<br>635 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം വിമാനത്താവളത്തിന്റെ ഭൂമിയിൽ അധികവും തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും നൽകിയതാണ്. ബാക്കി സംസ്ഥാന സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ തിരുവനന്തപുരം വിമാനത്താവളം ഒരു സ്വകാര്യ കമ്പനിക്ക് കൈമാറുന്നത് അംഗീകരിക്കാനാവില്ല.<br>സ്വകാര്യവത്ക്കരണം ഏതുവിധത്തിലും ഒഴിവാക്കണമെന്നും എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് |
| (ബി) | സംസ്ഥാന സർക്കാർ ടിയാൽ കമ്പനി രൂപീകരിച്ച് വിമാനത്താവളത്തിന്റെ നടത്തിപ്പ് ഏറ്റെടുത്ത് നടത്താൻ കേന്ദ്രസർക്കാരിനെ സമീപിച്ചിരുന്നോ; കേന്ദ്രസർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. എന്നാൽ അൽപ്പം ഉയർന്നതുക ക്വാട്ട് ചെയ്തു എന്ന കാരണത്താൽ ഈ മേഖലയിൽ യാതൊരു പ്രവർത്തന പരിചയവുമില്ലാത്ത അദാനി എന്റർപ്രൈസസിന് വിമാനത്താവള നടത്തിപ്പ് കൈമാറാനാണ് നീക്കം നടക്കുന്നത്. ടി സ്ഥാപനത്തിന് ബിഡ് അവാർഡ് ചെയ്യുന്നതിനെതിരെ സംസ്ഥാന സർക്കാരും കെ.എസ്.ഐ.ഡി.സി യും ബഹു.ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിൽ കോടതിവിധിക്ക് വിധേയമായിട്ടായിരിക്കും അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| (സി) | സംസ്ഥാനത്തിന്റെ പൊതു വികസനത്തിന് ഉത്തേജനം നൽകാനായി സംസ്ഥാനത്തെ വിമാനത്താവളങ്ങൾ വികസിപ്പിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ സർക്കാർ നടപടി തുടങ്ങിയിരുന്നോ; എയർപോർട്ട് അതോറിറ്റി വികസന പദ്ധതി വെട്ടിച്ചുരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട് പുതിയ അന്താരാഷ്ട്ര ടെർമിനൽ കെട്ടിടത്തിനും അതോടനുബന്ധിച്ചുള്ള ഏപ്രൺ, കാർ പാർക്കിംഗ് മുതലായവയ്ക്കുമായി 137 ഏക്കറും നിലവിലെ ടെർമിനൽ കെട്ടിടത്തിനു മുന്നിൽ കാർ പാർക്കിംഗിന് അധിക സൗകര്യം ഏർപ്പെടുത്തുന്നതിനായി 15.5 ഏക്കറും ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട് എന്നാൽ റൺവേ വികസനത്തിനായി ഭീമമായതോതിൽ ഭൂമി നികത്തേണ്ടിവരുമെന്നതിനാലും ഇതിനായി ഏകദേശം മൂവായിരം കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും പ്രവർത്തിയുമായി എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ മുന്നോട്ടു പോകാത്ത സാഹചര്യമാണുള്ളത്. |

സെക്ഷൻ ഓഫീസർ